"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനകാര്യം- മലപ്പുറം ജില്ലാ പഞ്ചായത്ത് ഓഫീസ് - സീനിയർ ക്ലാർക്ക് - ശ്രീമതി.സിന്ധു പി ഫയൽ ചെയ്ത ഒ എ (ഇകെഎം)നം.1319/2026 നമ്പർ കേസ് - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിർദ്ദേശം പാലിച്ച്- ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2140/2026/LSGD തീയതി,തിരുവനന്തപുരം, 10-11-2026

പരാമർശം:-

1. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.07.2025 ലെ LSGD/PD/20426/2025-DEC5 നമ്പർ നടപടിക്രമങ്ങൾ .
2. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.09.2026 ലെ LSGD/PD/20426/2025-DEC5 Part (4) നമ്പർ നടപടിക്രമങ്ങൾ.
3. ശ്രീമതി.സിന്ധു പി സമർപ്പിച്ച 06.09.2026ലെ അപ്പീൽ അപേക്ഷ (അനക്ഷർ എ8).
4. ഒ എ (ഇകെഎം) നം.1319/2026 നമ്പർ നമ്പർ കേസിലെ 07.09.2026 ലെ ഉത്തരവ്.
5. ശ്രീമതി.സിന്ധു പി സമർപ്പിച്ച 10.09.2026 ലെ അപേക്ഷ.
6. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.10.2026 ലെ LSGD/PD/31793/2026-DEC5 നമ്പർ കത്ത്.

ഉത്തരവ്

മലപ്പുറം ജില്ലാ പഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി.സിന്ധു പി ഫയൽ ചെയ്ത ഒ എ (ഇകെഎം) നം.1319/2026 നമ്പർ നമ്പർ കേസിലെ പരാമർശം (4) ലെ ഉത്തരവിൽ, അപേക്ഷക സമർപ്പിച്ചിട്ടുള്ള പരാമർശം (3) ലെ അപ്പീൽ (Annexure A8) പരിഗണിച്ച്, ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായിരുന്നു.

2. മലപ്പുറം ജില്ലാ പഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലാർക്കായ

അപേക്ഷകയെ സ്ഥലംമാറ്റിയ പരാമർശം (2) നടപടിക്രമങ്ങൾക്കെതിരെയാണ് പരാമർശം (3) ലെ അപ്പീൽ സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ടിയാളുടെയും കുടുംബത്തിന്റെയും വിഷമതകൾ കണക്കിലെടുത്തു, പരാമർശം (3) പരിശോധിച്ച് പരാമർശം (2)ലെ ക്രമ നം.16 ആയി പരാമർശിച്ചിട്ടുള്ള ശ്രീമതി.ശ്രുതി എ -യെ മൂത്തേടം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ച ഒഴിവ് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിലവിലുള്ള സാഹചര്യത്തിൽ ടിയാൾക്ക് മേൽ ഒഴിവിലേക്ക് നിയമനം നൽകി ഉത്തരവാകണമെന്നും പരാമർശം (5) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ടിയാൾ ആവശ്യപ്പെട്ടിട്ടുണ്ട്.

3. അപേക്ഷക 22.01.2016 മുതൽ 12.07.2025 വരെ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറുടെ കാര്യാലയം, ജോയിന്റ് ഡയറക്ടറുടെ കാര്യാലയം എന്നിവിടങ്ങളിലായി ഏകദേശം പത്ത് വർഷത്തോളം സേവനമനുഷ്ഠിച്ചിരുന്നതും പരാമർശം (1) പ്രകാരം ടിയാളെ മലപ്പുറം ജില്ലാ പഞ്ചായത്തിലേയ്ക്ക് പൊതു സ്ഥലംമാറ്റ നടപടികളിലൂടെ നിയമിച്ചിരുന്നതുമാണെന്നും വിവിധ കാര്യാലയങ്ങളിൽ ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുള്ളതും ഭരണപരമായ പ്രവർത്തനങ്ങളിൽ പരിചയസമ്പത്തുള്ളതുമായ ജീവനക്കാരിയായ അപേക്ഷകയെ മലപ്പുറം ജില്ലയിലെ ഭരണനിർവഹണത്തിലും മറ്റും പിന്നാക്കാവസ്ഥയിലുള്ള ഗ്രാമപഞ്ചായത്തുകളിൽ ഒന്നായ നിറമരുതൂർ ഗ്രാമപഞ്ചായത്തിൽ ടിയാളുടെ പരിചയസമ്പന്നമായ സേവനം ഭരണ സൗകര്യാർത്ഥം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ചാണ് പരാമർശം (2) പ്രകാരം സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടി വന്നിട്ടുള്ളതെന്നും ടിയാൾ നിലവിൽ 14.09.2026 ന് നിറമരുതൂർ ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണെന്നും ഭരണപരമായ കാരണങ്ങളാലും ടിയാളുടെ പരിചയസമ്പത്ത് കണക്കിലെടുത്തും ടിയാളുടെ സേവനം ഗ്രാമപഞ്ചായത്തുകളിൽ ആവശ്യമായതിനാൽ, മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിലേക്ക് നിയമനം നൽകുന്നത് പരിഗണിക്കാൻ സാധിക്കാത്ത സാഹചര്യമാണെന്നും, നിറമരുതൂർ ഗ്രാമപഞ്ചായത്തിൽ തുടരുന്നതിന് ബുദ്ധിമുട്ടുണ്ടെങ്കിൽ ടിയാൾക്ക് സൗകര്യപ്രദമായ രീതിയിൽ ജില്ലയിൽ ഒഴിവുള്ള മറ്റ് ഗ്രാമപഞ്ചായത്തുകളിലേതെങ്കിലും ഒന്നിൽ നിയമനം നൽകുന്നതിന് തടസ്സമില്ലെന്നും പരാമർശം (6) പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (6) റിപ്പോർട്ട് പരിഗണിച്ച്, അപേക്ഷകയുടെ ആരോഗ്യപരവും കുടുംബപരവുമായ വിഷമതകൾ കൂടി കണക്കിലെടുത്ത് ജില്ലയിൽ ഒഴിവുള്ള മറ്റ് ഗ്രാമപഞ്ചായത്തുകളിലേതെങ്കിലും ഒന്നിൽ നിയമനം നൽകുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി പരാമർശം (3) ലെ അപ്പീൽ (Annexure A8) തീർപ്പാക്കി ഉത്തരവാകുന്നു.

5. മേൽപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ എ (ഇകെഎം)നം.1319/2026 നമ്പർ കേസിന്മേലുള്ള പരാമർശം (4) ലെ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JASMI O P
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം.
2.അഡ്വക്കേറ്റ് ജനറൽ , കേരളം , എറണാകുളം (ആമുഖകത്ത് സഹിതം).
3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള. തിരുവനന്തപുരം/തൃശ്ശൂർ.
4.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , മലപ്പുറം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5.സെക്രട്ടറി,ജില്ലാ പഞ്ചായത്ത് മലപ്പുറം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
6.സെക്രട്ടറി,നിറമരുതൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് , മലപ്പുറം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
7.ശ്രീമതി.സിന്ധു പി സീനിയർ ക്ലാർക്ക് , നിറമരുതൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
8.ഡയറക്ടർ . ഐ കെ എം.
9.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).
10.കരുതൽ ഫയൽ (ഫയൽ നം.174/ഇപിഎ1/2026-എൽഎസ്ജിഡി.

ഉത്തരവിൻ പ്രകാരം

Digitally signed by Noushad. S
Date: 10-11-2026 14:39:20
സെക്ഷൻ ഓഫീസർ